LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ

53 [1258] ശ്രീ. എ. എ. അസീസ് :
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അംഗൻവാടികൾ ഇല്ലാത്ത ബ്ലോക്കുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(സി) എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിലവിലുണ്ട് ;

(ഡി) അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ ;

ഉത്തരം

(എ, ബി) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അംഗൻവാടി കെട്ടിട നിർമ്മാണം പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിരിക്കുകയാണ്. കൂടാതെ എം. പി. ഫണ്ട്, എം. എൽ. എ. ഫണ്ട് തുടങ്ങിയവയും ഇതിനായി ഉപയോഗിക്കാറുണ്ട്. അംഗൻവാടി കെട്ടിടങ്ങൾ പണിയുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ എല്ലാ ബ്ലോക്കുകളിലും ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി

54 [1259] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എല്ലാ ബ്ലോക്കുകളിലും ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രോജക്ടുകൾ ഇല്ലാത്ത ബ്ലോക്കുകളിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വടക്കാഞ്ചേരി ബ്ലോക്കിൽ ഐ. സി. ഡി. എസ്. പ്രോജക്ടിൽ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ബാധകമല്ല.

(ഡി) 15 വർക്കർമാരുടെയും 20 ഹെൽപ്പർമാരുടെയും ഒഴിവുകൾ നിലവിലുണ്ട്.

(ഇ) ജില്ലാ കളക്ടർ ചെയർമാനായും പദ്ധതി പ്രദേശത്തെ എം. പി./ എം. എൽ. എ. അല്ലെങ്കിൽ അവരുടെ പ്രതിനിധി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സർക്കാർ നിർദ്ദേശിക്കുന്ന ജില്ലാ പഞ്ചായത്ത് അംഗം, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരിൽനിന്നും മെമ്പർമാരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് പേർ, സർക്കാർ നിർദ്ദേശിക്കുന്ന സാമൂഹ്യ പ്രവർത്തകർ/ഒരു വനിത എന്നിവർ അംഗങ്ങളായും, ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ കൺവീനറായുമുള്ള സെലക്ഷൻ കമ്മിറ്റിയാണ് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തിരഞ്ഞെടുക്കുന്നത്.

പാലക്കാട് ജില്ലയിൽ അംഗൻവാടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

55 [1260] ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ അംഗൻവാടികൾക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണ നിലവാരം ഇല്ലായ്മയെക്കുറിച്ചും അമിത വിലയെക്കുറിച്ചുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) രണ്ട് മാസത്തേക്കുള്ള ഭക്ഷ്യ സാധനങ്ങൾ മാത്രമേ സ്റ്റോക്ക് ചെയ്യാവൂ എന്ന വ്യവസ്ഥ ലംഘിച്ച് ആവശ്യത്തിൽ കൂടുതൽ ശേഖരിക്കുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തുമോ ;

(ഡി) കഴിഞ്ഞ നാല് വർഷമായി ഐ. സി. ഡി. എസ്. മുഖേന നടന്ന ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly